"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക് സുലേഖ സി കെ (മരണപ്പെട്ട) യുടെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2056/2026/LSGD തീയതി,തിരുവനന്തപുരം, 31-10-2026

പരാമർശം:-

1. ആദില ഫർസാന എ.എച്ച്. എന്നവരുടെ 18.10.2021 ലെ അപേക്ഷ
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 27.04.2026 ലെ MR.5/7430/2026/DHS നം. കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.05.2026 ലെ LSGD/PD/2374/2023-DEG2 നമ്പർ കത്ത്.
4. പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 23.02.2022 ലെ 14(2) നമ്പർ തീരുമാനം.

ഉത്തരവ്

പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി. സുലേഖ സി കെ (മരണപ്പെട്ട) യുടെ ചികിത്സയ്ക്ക് കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിൽ ചെലവായ 1,47,123/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (1) പ്രകാരം ടിയാളുടെ മകൾ ആദില ഫർസാന എ.എച്ച്. എന്നവർ സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി. സുലേഖ സി കെ (മരണപ്പെട്ട) യുടെ ചികിത്സയ്ക്കായി 18/11/2020 മുതൽ 20/04/2021 വരെ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 1,06,909/- രൂപയുടെ 80% ശതമാനം ആയ 85,527/-രൂപ (എൺപത്തി അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പലിശരഹിതവായ്പ എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും, കൂടാതെ ഈ ചികിത്സയ്ക്കുള്ള ബില്ലുകളിൽ അപേക്ഷകന് 'Paid by me' എന്ന് രേഖപ്പെടുത്തി ചികിത്സിച്ച ഡോക്ടറുടെ ഒപ്പ്, പേരും രജിസ്റ്റർ നമ്പരും വ്യക്തമാക്കുന്ന, ആശുപത്രിയുടെ സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ട് എന്നും ഉറപ്പ് വരുത്തിയ ശേഷം പുതുപ്പരിയാരം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്ത നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
സെക്രട്ടറി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.
ശ്രീമതി. ആദില ഫർസാന എ.എച്ച്., (D/o) ശ്രീമതി. സുലേഖ സി കെ (മരണപ്പെട്ട), ക്ലാർക്ക്, പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ധനകാര്യ വകുപ്പ് (Dev-2/397/2022-Fin തീയതി 9/1/2023).
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (HEALTH-G2/932/2024-HEALTH തീയതി 8/8/2025).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം., തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(No.EPA3/214/2022-LSGD).

ഉത്തരവിൻ പ്രകാരം
Digitally signed by Noushad. S
Date: 31-10-2026 16:03:22
സെക്ഷൻ ഓഫീസർ